[ശ്രീ. ഇ. അഹമ്മദ് : കോ-ഓപ്പ്ടെക്സ് എന്നു പറയുന്നത് തമിഴ് നാട്ടിലെ ഗവൺമെൻറിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. അങ്ങനെയുള്ള ആ സ്ഥാപനം മിൽതുണി കൈത്തറിയായി വിൽക്കുന്നുവെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടേയില്ല. നേരേമറിച്ച്, മറ്റ് ചില സ്വകാര്യ വ്യക്തികളും അങ്ങനെ ചെയ്യുന്നതായി കണ്ടപ്പോൾ അങ്ങനെയുള്ള സെയിൽസ് നിർത്തുന്നതിനെ സംബന്ധിച്ച് ലോക്കൽ അതോറിറ്റീസിനെ തെര്യപ്പെടുത്തുകയുണ്ടായി. വേണ്ട മേൽ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

[ശ്രീ. വി. ജെ. തങ്കപ്പൻ : യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും കൈത്തറി ഉൽപ്പന്നങ്ങളും തമ്മിൽ വേർതിരിച്ചറിയുന്നതിന് എന്തെങ്കിലും സംവിധാനം. ഡിപ്പാർട്ടുമെൻറിൽ നിന്ന് ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഡിപ്പാർട്ടുമെൻറിൽ അങ്ങനെ ഒരു സംവിധാനമുള്ളതുകൊണ്ടാണ് ഇത് വേറെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ഓണം, ബക്രീഡ്, ക്രിസ്തുമസ് തുടങ്ങിയ വേളകളിൽ വടക്കേ ഇൻഡ്യയിലെ ചില മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന പഴയ തുണികളും നമ്മുടെ നാട്ടിൽ പുതിയ ലേബൽ ഒട്ടിച്ചുകൊണ്ടുവരികയും ആകർഷകങ്ങളായ പാസ്യങ്ങളൊക്കെ കൊടുത്ത് ഇവിടെ വിറ്റഴിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി തുണികൾക്ക് നല്ല മാർക്കറ്റ് ലഭിക്കാതെ പോകുന്നുവെന്നുള്ള സ്ഥിതിവിശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : കേരളത്തിലെ ഉൽപ്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കപ്പെടുന്നതുപോലെ മറ്റ് സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. അതു തടയാൻ സാദ്ധ്യമല്ല. എങ്കിലും പരസ്യങ്ങളുടെ മായാവലയത്തിൽപ്പെടാതിരിക്കാൻ സൂക്ഷിക്കേണ്ടത് ജനങ്ങളുടെയും, നമ്മളോരോരുത്തരുടേയും കടമയാണ്.

ശബരിമലയുടെ വികസനത്തിന് ആവശ്യപ്പെട്ട വനഭൂമി

* 239. [260] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, കെ. കൃഷ്ണൻകുട്ടി :
,, വി. സി. കബീർ :
,, പി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ വികസനത്തിനായി എത്ര ഏക്കർ വനഭൂമിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) നാൽപ്പത് ഏക്കർ വനഭൂമി.

(ബി) ഉണ്ട്.

(സി) 5.34 ഹെക്ടർ വനഭൂമി ക്ഷേത്ര അധികാരികൾക്ക് കൈമാറുന്നതിനും, 5.59 ഹെക്ടർ വനഭൂമി ശരംകുത്തിയിൽ തീർത്ഥാടകർക്ക് വിശ്രമസ്ഥലമായി വൃക്ഷങ്ങൾ മുറിക്കാതെ ഉപയോഗിക്കുന്നതിനുമുള്ള അനുമതിയും, 2.62 ഹെക്ടർ വനഭൂമി വൃക്ഷങ്ങൾ മുറിക്കാതെ വെടിപൊട്ടിക്കുന്നതിന് വെടിപ്പുരയായി ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അതായത് ആകെ 13.55 ഹെക്ടർ സ്ഥലം മുകളിൽ പറഞ്ഞിട്ടുള്ള രീതികളിൽ ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത അനുമതി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമാണ്.

(1) വനഭൂമിയുടെ നിയമപരമായ പദവിയിൽ മാറ്റം വരുത്തരുത്.

(2) വനേതരാവശ്യത്തിന് അനുമതി നൽകിയിട്ടുള്ള അത്രയും വിസ്തീർണ്ണമുള്ള വേറൊരു സ്ഥലത്ത് വനം വച്ചു പിടിപ്പിക്കുന്നതിന്റെ ചെലവ് ദേവസ്വം ബോർഡ് വഹിക്കേണ്ടതാണ്.

ശ്രീ. വി. സി. കബീർ : 13.55 ഹെക്ടർ വനഭൂമി ദേവസ്വം ബോർഡിന് വിട്ടുകൊടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന് ദേവസ്വം ബോർഡിൽ നിന്നും പണം ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തു വിലയാണ് നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. കെ. പി. നൂറുദ്ദീൻ : അവരുടെ കൈവശം കൊടുക്കുന്ന സ്ഥലത്തിന് പകരം മരംവച്ച് കൊടുക്കുന്നതിന് വേണ്ടിയിട്ടുള്ള ചെലവ് മാത്രമാണ് ഇപ്പോൾ വാങ്ങിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. വി. സി. കബീർ : ദേവസ്വം ബോർഡിന് വിട്ടുകൊടുത്തതുപോലെതന്നെ മറേതെങ്കിലും മതധർമ്മസ്ഥാപനങ്ങളോ അമ്പലങ്ങളോ പള്ളികളോ വനഭൂമി വിട്ടു കിട്ടണമെന്നുള്ള നിർദ്ദേശമോ അപേക്ഷയോ തന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഗണിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ചില മതധർമ്മ സ്ഥാപനങ്ങൾ ഇതിനു മുൻപ് ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ അനുവാദം കിട്ടിയാലേ അവരുടെ അപേക്ഷകൾ പരിഗണിക്കാൻ കഴിയുകയുള്ളൂ.

ശ്രീമതി റയിച്ചൽ സണ്ണി പനവേലിൽ : ആണ്ടുതോറും ലക്ഷക്കണക്കിന് അയ്യപ്പഭക്തൻമാർ വരുന്ന ശബരിമലയിലേക്കുള്ള റോഡുകൾ നന്നാക്കുന്നതിനും അവരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായിട്ടുള്ള സൗകര്യങ്ങൾക്കും അതുപോലെതന്നെ വിരിവയ്ക്കുന്നതിനുമായിട്ട് കേന്ദ്രത്തിൽ നിന്നും 100 ഏക്കർ സ്ഥലം അനുവദിച്ചു കൊടുക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അവർ നാൽപ്പതു ഏക്കറിനാണ് അപേക്ഷിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 33 ഏക്കർ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അവരുടെ താൽക്കാലികമായ ആവശ്യം നിർവ്വഹിക്കപ്പെടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly